**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **16-03-2022 - ൽ മറുപടിയ്ക്ക്**

**മങ്കടയിലെ പാങ്ങ് കുടുംബാരോഗ്യകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ ഉൾപ്പെടെ ആകെ എത്ര ജീവനക്കാരുടെ തസ്തികയാണ് നിലവിലുള്ളത്; നിലവിൽ എത്ര ജീവനക്കാരാണ് ജോലി നോക്കി വരുന്നത്; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പാങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഈ കുടുംബാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള തസ്തികകളുടെയും ഒഴിവുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം തസ്തിക അനുവദിച്ച തസ്തിക ഒഴിവ് 1 അസിസ്റ്റന്റ് സർജൻ 4 0 2 നഴ്സിംഗ് ഓഫീസർ 5 0 3 ക്ലാർക്ക് 1 0 4 ഫാർമസിസ്റ്റ് 2 1 5 ലാബ് ടെക്നീഷ്യൻ 2 1 6 നഴ്സിംഗ് അസിസ്റ്റന്റ് 2 1 7 ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I 1 0 8 ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II 2 1 9 ഡ്രൈവർ 1 0 കൂടാതെ, താൽക്കാലികാടിസ്ഥാനത്തിൽ താഴെ പറയുന്ന ജീവനക്കാരും ജോലി ചെയ്തു വരുന്നു. ഡോക്ടർ -1 (LSGD) ഫാർമസിസ്റ്റ് - 1 (LSGD) ഫാർമസിസ്റ്റ് - 1 (Adhoc) RBSK നഴ്സ് - 1 (NHM) MLSP നഴ്സ് - 1 (NHM) JPHN - 2 (Adhoc) Hospital Attendant Grade II- I (Adhoc) |
| (ബി) | കുറുപ പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും സാധാരണക്കാരുടെ ഏക ആശ്രയമായ ഈ കുടംബാരോഗ്യ കേന്ദ്രത്തിൽ ഈവനിംഗ് ഒ.പി ഇല്ലാത്തതും ആവശ്യത്തിന് ജീവനക്കാരില്ലാത്തതും പൊതുജനങ്ങൾക്ക് പ്രയാസം സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിൽ ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ സായാഹ്ന ഒ.പി പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ദിവസേനയുള്ള രോഗികളുടെ ബാഹുല്യം കണക്കിലെടുത്തും രാത്രികാല ചികിത്സയ്ക്ക് മറ്റ് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നത് കണക്കിലെടുത്തും പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | (സി) | ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ്. ആയതിനാൽ, അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കുടുംബാരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രമായി ആർദ്രം ഒന്നാം ഘട്ടത്തിൽ ഉയർത്തുകയും, അതിൻ പ്രകാരം അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ